പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 921 — 11.06.2014 ലെ മറുപടിക്ക്

## വിജ്ഞാൻവാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | വയനാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് 'വിജ്ഞാൻവാടി' ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിലെ തവിഞ്ഞാൽ പഞ്ചായത്തിലെ കണ്ണോത്ത് മല പട്ടികജാതി കോളനിയിലാണ് വിജ്ഞാൻവാടി ആരംഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത 'വിജ്ഞാൻവാടി'കളിലൂടെ എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്റർനെറ്റ് കണക്ഷനോടുകൂടി ലൈബ്രറി സൗകര്യം, റീഡിംഗ് റൂം, ഓൺലൈൻ അപേക്ഷകൾ അയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം വിജ്ഞാൻവാടികളെ സർക്കാരിന്റെ അക്ഷയ സെന്ററുകളാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിജ്ഞാൻവാടികളെ അക്ഷയ സെന്ററുകളാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 924 11.06.2014-ലെ മറുപടിക്ക്

## ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.എ.പി.അനിൽ കുമാർ (ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പ് വഴി വിതരണം ചെയ്ത ചികിത്സാ ധനസഹായത്തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) വിവിധതരം രോഗങ്ങൾക്ക് നൽകുന്ന തുകയുടെ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി ഒരു ലക്ഷം രൂപയും മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെയും അനുവദിക്കുന്നു. |
| (സി) മിഷൻ 676- പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | 1. മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപ വരെ വാർഷിക കുടുംബ |

വരുമാനമുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി നവജാത ശിശുവിന്റെ പേരിൽ 50,000/- രൂപ ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തുന്ന 'വാത്സല്യ നിധി' പദ്ധതി ഈ വർഷം നടപ്പിലാക്കും. 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൺകുട്ടിക്ക് ഈ തുക പലിശ സഹിതം വിവാഹം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

2. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ന് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

3.സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം പൊതു വിഭാഗം വിദ്യാർത്ഥികൾക്ക് ഒപ്പം എത്തിക്കുന്നതിനായി 8,9,10 സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകുന്നതിന് 'വിദ്യാജ്യോതി' എന്ന പേരിൽ ഒരു

പുതിയ പദ്ധതി ആരംഭിക്കും. ഇതോടൊപ്പം പ്രൈമറി വിദ്യാർത്ഥികളെയും സജ്ജരാക്കു ന്നതിനായി പ്രൈമറി തലത്തിൽ സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും യൂണിഫോം, കുട, ബാഗ്, ചെരുപ്പ് എന്നിവ സൗജന്യമായി നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള സ്മൃതി വനം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധരാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചു നൽകുന്നതിന് ഉദ്ദേശിക്കുന്നു.

Rashmidas

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

| ജില്ല | വർഷം | ഭവനനിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ | ഗുണഭോക്താക്കൾ | പൂർണമായും തുക അനുവദിച്ചവരുടെ എണ്ണം | വീടു പണി പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 2011-12 | 410 | 330 | 277 | 277 |
| | 2012-13 | 609 | 595 | 425 | 425 |
| | 2013-14 | 902 | 861 | 10 | 10 |
| കൊല്ലം | 2011-12 | 400 | 230 | 148 | 148 |
| | 2012-13 | 700 | 515 | 269 | 269 |
| | 2013-14 | 1549 | 736 | 7 | 7 |
| പത്തനംതിട്ട | 2011-12 | 250 | 190 | 143 | 143 |
| | 2012-13 | 326 | 260 | 179 | 179 |
| | 2013-14 | 408 | 336 | 8 | 8 |
| ആലപ്പുഴ | 2011-12 | 184 | 150 | 62 | 62 |
| | 2012-13 | 284 | 250 | 64 | 64 |
| | 2013-14 | 380 | 362 | 92 | 92 |
| കോട്ടയം | 2011-12 | 190 | 170 | 170 | 170 |
| | 2012-13 | 271 | 220 | 220 | 220 |
| | 2013-14 | 302 | 302 | 3 | 3 |
| ഇടുക്കി | 2011-12 | 484 | 471 | 408 | 408 |
| | 2012-13 | 361 | 255 | 111 | 111 |
| | 2013-14 | 384 | 296 | 1 | 1 |
| എറണാകുളം | 2011-12 | 223 | 220 | 180 | 180 |
| | 2012-13 | 512 | 495 | 426 | 426 |
| | 2013-14 | 692 | 537 | 16 | 16 |
| തൃശ്ശൂർ | 2011-12 | 754 | 400 | 400 | 284 |
| | 2012-13 | 814 | 565 | 565 | 376 |
| | 2013-14 | 946 | 650 | 650 | 6 |
| പാലക്കാട് | 2011-12 | 546 | 525 | 199 | 199 |
| | 2012-13 | 757 | 713 | 325 | 325 |
| | 2013-14 | 763 | 750 | 4 | 4 |
| മലപ്പുറം | 2011-12 | 605 | 410 | 303 | 303 |
| | 2012-13 | 532 | 460 | 320 | 320 |
| | 2013-14 | 1012 | 869 | 50 | 50 |
| കോഴിക്കോട് | 2011-12 | 300 | 300 | 205 | 306 |
| | 2012-13 | 320 | 320 | 156 | 156 |
| | 2013-14 | 339 | 339 | 0 | 0 |
| വയനാട് | 2011-12 | 115 | 100 | 81 | 81 |
| | 2012-13 | 76 | 50 | 39 | 39 |
| | 2013-14 | 88 | 62 | 0 | 0 |
| കണ്ണൂർ | 2011-12 | 160 | 160 | 97 | 97 |
| | 2012-13 | 160 | 160 | 96 | 96 |
| | 2013-14 | 200 | 200 | 0 | 0 |
| കാസർഗോഡ് | 2011-12 | 305 | 150 | 104 | 104 |
| | 2012-13 | 590 | 143 | 100 | 100 |
| | 2013-14 | 186 | 105 | 0 | 0 |

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 917 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും, കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തിരവും ലഭ്യമാക്കുന്നതിനായി കഴിഞ്ഞ അഞ്ചുവർഷക്കാലം, വകുപ്പ് ഓരോ വർഷവും ഡിപ്പോസിറ്റ് ചെയ്ത തുകയെത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കോളനികളിലെ കുടിവെള്ള പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും വൈദ്യുതീകരണത്തിന് കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തിരവും തുകയൊന്നും പട്ടികജാതി വികസന വകുപ്പ് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത ഡിപ്പോസിറ്റിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പദ്ധതികൾക്കായി ആകെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ബാധകമല്ല. |
| (സി) | സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിലെ തടസ്സങ്ങൾ വിവരിക്കാമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 918 — 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതി വികസന – ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രൊമോട്ടർമാരുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് സഹായകരമായിരുന്ന പ്രൊമോട്ടർമാരുടെ പ്രവർത്തനം നിറുത്തലാക്കുകയോ ഇപ്പോൾ ലഭ്യമല്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (എ) | പ്രൊമോട്ടർമാരുടെ സേവന കാലയളവ് പൂർത്തിയായതിനാൽ നിലവിലുണ്ടായിരുന്നവരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) | എസ്. സി. പ്രൊമോട്ടർമാരുടെ സേവനം ലഭ്യമല്ലാത്തതുകാരണം പട്ടികജാതി വികസന പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള തടസ്സങ്ങളെ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ സംസ്ഥാനത്ത് മുൻകാലത്ത് നിലവിലുണ്ടായിരുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൂർണ്ണമായും എസ്. സി പ്രൊമോട്ടർമാരെ നിയമിക്കുവാനും അവരുടെ സേവനം ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ പട്ടികജാതി വികസന ഓഫീസുകളിലും പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 919 11.06.2014 ലെ മറുപടിക്ക്

## ബാലുശ്ശേരി മണ്ഡലത്തിലെ മാതൃകാ കോളനി വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്ത് വാഴോറ മല കോളനിയിൽ മാതൃകാ കോളനി വികസന പദ്ധതിയും കുടിവെള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് 'മാതൃകാ കോളനി വികസന പദ്ധതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതിയ്ക്കായി കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ വാഴോറമല കോളനിയെ തെരഞ്ഞെടുക്കുകയോ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകാമോ? | (ബി) | അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനി കളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 920 11.06.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മണ്ഡലത്തിൽ പട്ടികജാതിക്കാർക്കായുളള എത്ര സ്വയംപര്യാപ്ത കോളനികൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; എവിടെയൊക്കെ; | (എ) | കാസർഗോഡ് മണ്ഡലത്തിൽ കാസർഗോഡ് പഞ്ചായത്തിലെ അമോയ് കോളനിയെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുളളത് |
| (ബി) | പ്രസ്തുത കോളനികളുടെ പണികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കരാർ പണികൾ ആരെയാണ് ഏൽപ്പിച്ചത്; | (സി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആണ് നിർവ്വഹണ ഏജൻസി. |
| (ഡി) | എന്തൊക്കെ പണികളാണ് ഇതിനായി നിശ്ചയിച്ചിട്ടുളളത്; ഇതേവരെ ചെയ്ത പണികളുടെ വിശദ വിവരം നൽകാമോ? | (ഡി) | നിശ്ചയിച്ചിട്ടുളള പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1. വീട് പുനരുദ്ധാരണം<br>2. റോഡ്, ഫുട്പാത്ത് ഓട നിർമ്മാണം.<br>3. നഴ്സറി പുനരുദ്ധാരണം<br>4. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം<br>5. ഭജനമഠം പുനരുദ്ധാരണം<br>6. സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് സിസ്റ്റം<br>7. കിണർ നിർമ്മാണവും പുനരുദ്ധാരണവും<br>8. പൈപ്പ് ലൈൻ, ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ<br>9. സ്വയം തൊഴിൽ പരിശീലനം<br>10. സ്പോക്കൺ ഇംഗ്ലീഷ് ട്യൂഷൻ ക്ലാസ്<br>11. 8-ാം ക്ലാസ്സിലെ പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ വിതരണം.<br>12. ക്ലബിന് വേണ്ടി സ്പോർട്സ് കിറ്റ് വാങ്ങൽ<br>13. ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിക്കൽ<br>ഇവയിൽ ഡ്രെയിനേജിന്റെ നിർമ്മാണം, വീട് പുനരുദ്ധാരണം, കിണർ നിർമ്മാണം എന്നിവ ഏകദേശം പൂർത്തിയായിട്ടുണ്ട്. റോഡ് കോൺക്രീറ്റ്, നഴ്സറി കെട്ടിട നിർമ്മാണം എന്നിവയുടെ വർക്ക് 25% പുരോഗമിച്ചിട്ടുണ്ട്. ആദ്യ ഗഡു ആയി അനുവദിച്ച 25 ലക്ഷം രൂപയുടെ ഏകദേശം 50% ത്തോളം ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

11.06.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 913

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; 2009 ന് ശേഷം ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഏറ്റവും പുതിയ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് 2009-10 കാലഘട്ടത്തിൽ നടത്തിയ വിവരശേഖരണത്തിൻ പ്രകാരം ഭൂരഹിതരായ പട്ടികജാതിക്കാർ 52571 പേരാണ്. 2009-10 ന ശേഷം ജില്ല തിരിച്ച് സർവ്വേ നടത്തിയിട്ടില്ല. |
| (ബി) | ഭൂരഹിതരായ ഒരു പട്ടികജാതി കുടുംബത്തിന് എത്ര സെന്റ് ഭൂമിയാണ് സർക്കാർ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഗ്രാമ പ്രദേശങ്ങളിൽ മിനിമം 3 സെന്റും, മുൻസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിൽ 1 ½ സെന്റ് ഭൂമിയും വാങ്ങുന്നതിനാണ് ധനസഹായം അനുവദിച്ച് വരുന്നത്. |
| (സി) | സൗജന്യമായി ഭൂമി കണ്ടെത്തി നൽകുകയാണോ, ഭൂമി കണ്ടെത്താൻ ധനസഹായം അനുവദിക്കുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; ധനസഹായം നൽകുകയാണെങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; | (സി) | ഗുണഭോക്താവ് വാസയോഗ്യമായ ഭൂമി കണ്ടെത്തുകയാണ് ചെയ്യുന്നത്. ആയതിൻപ്രകാരം ഗ്രാമ പ്രദേശത്ത് 3 സെന്റിന് 1 ½ ലക്ഷം രൂപയും മുൻസിപ്പാലിറ്റിയിൽ 1 ½ സെന്റിന് 2 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് 1 ½ സെന്റിന് 3 ലക്ഷം രൂപയും അനുവദിച്ച് വരുന്നു. ജില്ല തിരിച്ചുള്ള എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | 2011-12 | 2012-13 | 2013-14 |
|---|---|---|---|
| തിരുവനന്തപുരം | 557 | 1212 | 750 |
| കൊല്ലം | 539 | 1104 | 676 |
| പത്തനംതിട്ട | 165 | 561 | 251 |
| ആലപ്പുഴ | 127 | 409 | 391 |
| കോട്ടയം | 149 | 572 | 273 |
| ഇടുക്കി | 392 | 655 | 326 |
| എറണാകുളം | 290 | 1027 | 693 |
| തൃശ്ശൂർ | 611 | 1214 | 717 |
| പാലക്കാട് | 632 | 1685 | 864 |

| | | | |
|---|---|---|---|
| മലപ്പുറം | 367 | 638 | 549 |
| കോഴിക്കോട് | 216 | 1017 | 471 |
| വയനാട് | 68 | 111 | 78 |
| കണ്ണൂർ | 137 | 378 | 149 |
| കാസർഗോഡ് | 202 | 464 | 102 |
| | 4452 | 11047 | 6290 |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടോ എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകമോ? | (ഡി) | പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി കണ്ടെത്തി സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 914 — 11.06.2014 ലെ മറുപടിക്ക്

## ഭൂരഹിത കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർ എത്ര പേരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് 2009-10 വർഷത്തിൽ വിവരശേഖരണം നടത്തിയതനുസരിച്ച് സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർ 52571 പേർ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | ഭൂരഹിത കേരളം പദ്ധതി പ്രകാരം അവരിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നും അതിന്റെ വിശദാംശങ്ങളും ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഭൂരഹിതരായ എല്ലാ പട്ടികജാതി ജനതയ്ക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) | ഭൂരഹിതരായ 52571 പട്ടികജാതിക്കാരിൽ 33871 പേർക്ക് വകുപ്പ് മുഖേന ഭൂമി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഘട്ടംഘട്ടമായി ഭൂമി അനുവദിക്കുന്നതാണ്. |

| | |
|---|---|
| തിരുവനന്തപുരം | 7600 |
| കൊല്ലം | 10990 |
| പത്തനംതിട്ട | 2092 |
| ആലപ്പുഴ | 2019 |
| കോട്ടയം | 1446 |
| ഇടുക്കി | 3323 |
| എറണാകുളം | 6721 |
| തൃശ്ശൂർ | 4251 |
| പാലക്കാട് | 4204 |
| മലപ്പുറം | 3153 |
| കോഴിക്കോട് | 2548 |
| വയനാട് | 199 |
| കണ്ണൂർ | 1477 |
| കാസർഗോഡ് | 2548 |
| ആകെ | 52571 |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 915 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭവന രഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ജില്ല തിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതിക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | (പട്ടിക താഴെ) |

| ജില്ല | ഭവനരഹിതർ |
|---|---|
| തിരുവനന്തപുരം | 4172 |
| കൊല്ലം | 1163 |
| പത്തനംതിട്ട | 849 |
| ആലപ്പുഴ | 599 |
| കോട്ടയം | 1122 |
| ഇടുക്കി | 1070 |
| എറണാകുളം | 1876 |
| തൃശ്ശൂർ | 2484 |
| പാലക്കാട് | 1347 |
| മലപ്പുറം | 611 |
| കോഴിക്കോട് | 30 |
| വയനാട് | 563 |
| കണ്ണൂർ | 455 |
| കാസർഗോഡ് | 258 |
| ആകെ | 16599 |

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 9000 | 8986.01 |
| 2012-13 | 10000 | 9999.85 |
| 2013-14 | 9500 | 8484.75 |

| | | | |
|---|---|---|---|
| | ഈ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; അതിൽ എത്ര പേരെ തെരഞ്ഞെടുത്തുവെന്നും എത്ര പേർക്ക് പൂർണ്ണമായും തുക അനുവദിച്ചുവെന്നും എത്ര പേർ നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | ജില്ല തിരിച്ചുള്ള ലിസ്റ്റ് ഉളളടക്കം ചെയ്യുന്നു. അനുബന്ധം - I |
| (ഡി) | ഭവനരഹിതരെ കണ്ടെത്തുന്നതിന് 2009 ന് ശേഷം സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | 2009-ന് ശേഷം ഭവനരഹിതരെ കണ്ടെത്തുന്നതിന് വകുപ്പ് സർവ്വെ നടത്തിയിട്ടില്ല. |
| (ഇ) | ഭവന നിർമ്മാണ പുരോഗതി അവലോകനം ചെയ്യിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കണ്ടെത്തലുകൾ വിശദീകരിക്കുമോ; | (ഇ) | എല്ലാ മാസവും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഭവന നിർമ്മാണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ ലഭ്യത കുറവും, വില വർദ്ധനവും, സാധനങ്ങൾ വീട് വയ്ക്കുന്ന സ്ഥലത്ത് എത്തിക്കുന്നതിനുള്ള ഭീമമായ ലേബർ ചാർജ്ജും കാരണം നിലവിൽ അനുവദിക്കുന്ന ധനസഹായ തുക അപര്യാപ്തമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (എഫ്) | ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായം ഭവന നിർമ്മാണത്തിന് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽകഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച ധനസഹായവും, ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (എഫ്) & (ജി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ജി) | പദ്ധതിയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 904 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്കായി സ്വയംപര്യാപ്ത ഗ്രാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.സി.പി. മുഹമ്മദ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാർക്കായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടിയുള്ള വിവിധ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ,കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, മാലിന്യനിർമ്മാർജ്ജനം, വരുമാന ദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |
| (സി) | എത്ര പട്ടികജാതികോളനികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; | (സി) | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 120 ഉം രണ്ടാം ഘട്ടത്തിൽ 102 ഉം പട്ടികജാതി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ കോളനിക്കും എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കോളനികളിൽ നടത്തേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ കോളനിയിലും ഒരു കോടി രൂപ വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 905 — 11.06.2014 ലെ മറുപടിക്ക്

## കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ചന്ദ്രൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2013-ലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഏജൻസിക്ക് ചുമതല നൽകിയിട്ടും യഥാസമയം നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഏജൻസികളോട് വിശദീകരണം തേടുമോയെന്നും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ? | (ബി) | സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും ബന്ധപ്പെട്ട എം. എൽ. എ. നിർദ്ദേശിച്ച ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനോട് വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർ വിശദീകരണം തേടിയിട്ടുണ്ട്. 06.06.2014 ന് ജില്ലാ ഓഫീസർ നടത്തിയ യോഗത്തിലും ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനോട് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയും പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 907 — 11.06.2014 ലെ മറുപടിക്ക്

## തകഴി അംബേദ്കർ കോളനിയിലെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയംപര്യാപ്ത കോളനി പദ്ധതിയിൽ ഉൾപ്പെടുത്തി തകഴി അംബേദ്കർ കോളനിയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) | തകഴി അംബേദ്കർ കോളനിയിൽ 26 വീടുകളുടെ പുനരുദ്ധാരണം നിശ്ചയിച്ചതിൽ 25 എണ്ണം പൂർത്തിയാക്കി. ഒരെണ്ണം പൂർത്തിയായി ക്കൊണ്ടിരിക്കുന്നു. |
| (ബി) | ഏതെല്ലാം പദ്ധതികൾ കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | നിശ്ചയിച്ചിട്ടുള്ള പ്രവർത്തികളിൽ റോഡ് നിർമ്മാണം, ഓട നിർമ്മാണം, കല്ലുങ്ക് നിർമ്മാണം, റീട്ടെയിനിംഗ് വാൾ നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്നിവ പൂർത്തിയാകാനുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 908 — 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കോളനികളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി രൂപീകരിച്ച പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ; | (എ) | 2012-13 സാമ്പത്തികവർഷം ബിമ്മരം കോളനിയെയും 2013-14 സാമ്പത്തിക വർഷം കിസുമം പട്ടികജാതി കോളനിയെയും ആണ് തെരഞ്ഞെടുത്തിട്ടുള്ളത്. ബിമ്മരം പട്ടികജാതി കോളനിയിൽ ഏജൻസി ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 27 വീടുകളുടെ പുനരുദ്ധാരണം, സോളാർ സ്ട്രീറ്റ് ലൈറ്റിംഗ്, റോഡ്, ഫുട്പാത്ത്, ഓട നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, എന്നീ പദ്ധതികളാണ് നിശ്ചയിച്ചിട്ടുള്ളത്. കിസുമം പട്ടികജാതി കോളനിയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിന് ആരെയാണ് നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെയാണ് നിർവ്വഹണ ഏജൻസിയായി എം. എൽ. എ. തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | ഓരോ കോളനികളിലും ഇതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നു വിശദീകരിക്കുമോ; | (സി) | ബിമ്മരം കോളനിയിൽ 500 മീറ്റർ റോഡും 14 വീടുകളുടെ പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുരോഗമിക്കുന്നു. കിസുമം കോളനിയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭിക്കാത്തതിനാൽ പദ്ധതികൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | ഓരോ പദ്ധതിയിലും ഇതേവരെ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ഡി) | ബിമ്മരം കോളനിയിൽ ഇതേവരെ ₹30,64,754/- (മുപ്പത് ലക്ഷത്തി അറുപത്തിനാലായിരത്തി എഴുനൂറ്റി അൻപത്തിനാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. കിസുമം കോളനിയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 912 11.06.2014 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളുടെ സമഗ്രവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നതിനായി 2013-14 വർഷം സംസ്ഥാനത്ത് തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്ന് പറയാമോ; | (എ) | 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ കോളനികളിൽ എത്ര തുക വിനിയോഗിക്കുവാൻ തീരുമാനിച്ചുവെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും എത്ര കോളനികളിൽ ലക്ഷ്യമിട്ട വികസന പദ്ധതികൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ ; | (ബി) | ഒരുകോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ചെയ്യുന്നത്. ആദ്യ ഗഡുവായ 25 ലക്ഷം രൂപ നിർവഹണ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്; പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | ഇനി വികസന പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത കോളനികൾ ഏതെല്ലാമാണെന്നും അവയുടെ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും, എന്തു കൊണ്ടാണ് പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാത്തതെന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) | 2013-14 വർഷം തെരഞ്ഞെടുത്ത എല്ലാ കോളനികളിലും പദ്ധതി പുരോഗമിക്കുന്നു. KLDC, KITCO, SIDCO, FIT, KESNIK, KAICO, ജില്ലാ നിർമ്മിതി കേന്ദ്രം തുടങ്ങി സർക്കാർ എംപാനൽ ചെയ്ത ഏജൻസികളെയാണ് നിർവഹണം ഏൽപ്പിച്ചിരിക്കുന്നത്. ഏജൻസികൾ ഫീൽഡ് തലത്തിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. |
| (ഡി) | മേൽ പറഞ്ഞ കോളനികളിലെ വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഡി) | വികസന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

അനുബന്ധം

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി അംഗത്വത്തിന് അർഹരായ വിഭാഗങ്ങൾ

| ക്രമ നം. | അർഹരായ വിഭാഗം |
|---|---|
| 1 | വഴിയോര കച്ചവടക്കാർ (Street Vendors) |
| 2 | വീട്ടുവേലക്കാർ (Domestic Workers) |
| 3 | ബീഡി തൊഴിലാളികൾ |
| 4 | ആക്രി / പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ |
| 5 | ശുചീകരണ തൊഴിലാളികൾ |
| 6 | പാറമടത്തൊഴിലാളികൾ |
| 7 | റിക്ഷ വലിക്കുന്നവർ |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ MGNREGS |
| 9 | പട്ടികവർഗ്ഗം |
| 10 | പട്ടികജാതി |
| 11 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 12 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 13 | മറ്റു മത്സ്യ തൊഴിലാളികൾ |
| 14 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ |
| 15 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 16 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 17 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 18 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 19 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 20 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 21 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 22 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 23 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 24 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 25 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 26 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 27 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 28 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 29 | അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 30 | അലക്ക് തൊഴിലാളി ക്ഷമപദ്ധതിയിലെ പെൻഷൻകാർ |
| 31 | ബാർബർ/ബ്യൂട്ടിഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 32 | ബാർബർ/ബ്യൂട്ടിഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 33 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 34 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 35 | 2008 –ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ |
| 36 | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 37 | കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 38 | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 39 | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 40 | ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 41 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ |

| | |
|---|---|
| | അംഗങ്ങൾ |
| 42 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 43 | ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ |
| 44 | കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 45 | കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 46 | ടാക്സി ഡ്രൈവർമാർ |
| 47 | വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ |
| 48 | ആശ്രയ കുടുംബങ്ങൾ |
| 49 | അംഗനവാടി വർക്കേഴ്സ്/ ഹെൽപ്പേഴ്സ് |
| 50 | എൻഡോസൾഫാൻ ദുരന്ത ബാധിതർ |
| 51 | ആശ വർക്കേഴ്സ് |
| 52 | കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ |
| 53 | വിധവ പെൻഷൻ ലഭിക്കുന്നവർ |
| 54 | മറ്റു സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ |
| 55 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ |
| 56 | അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ |
| 57 | റെയിൽവേ പോർട്ടർമാർ (LCP) |
| 58 | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ |
| 59 | 600 രൂപയോ അതിൽ താഴെയോ റേഷൻകാർഡിൽ മാസവരുമാനം രേഖപ്പെടുത്തിയവർ |
| 60 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ |

Deepa
സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.900 | 11/06/2014 - ൽ മറുപടിക്ക്

ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, ബെന്നി ബെഹനാൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| എ) ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്രവും സമ്പൂർണ്ണവുമായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും രോഗാവസ്ഥ, ഗർഭാവസ്ഥ, സ്ഥിരമായോ താൽകാലികമായോ ഉണ്ടാകുന്ന വൈകല്യങ്ങൾ, ജോലിസ്ഥലത്ത് ഉണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്ക് ചികിത്സാസൗകര്യം ഉറപ്പു വരുത്തുന്നു. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് എല്ലാത്തരത്തിലുമുള്ള ആരോഗ്യ പരിരക്ഷ, നിരവധി ഡിസ്പെൻസറികൾ ഇ.എസ്.ഐ ആശുപത്രികൾ എന്നിവ വഴി സൗജന്യമായി ഉറപ്പു വരുത്തുന്നു. ഇതു കൂടാതെ പ്രസവാനുകൂല്യം, സിക്ക്നെസ്സ് ബെനിഫിറ്റ്, പെർമനന്റ് ഡിപ്പൻഡന്റ് ബെനിഫിറ്റ്, ഡിപ്പന്റഡന്റ് ബെനിഫിറ്റ്, എൻഹാൻസ്ഡ് സിക്ക്നെസ്സ് ബെനിഫിറ്റ്, ഫ്യൂണറൽ എക്സ്പെൻസ്,കൺഫൈൻമെന്റ് എക്സ്പെൻസ് തുടങ്ങിയ സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നു. |
| ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പളപരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ബി) നിലവിലെ ശമ്പള പരിധി ഒരു മാസത്തിൽ 15000/രൂപയാണ്. പദ്ധതിയുടെ ആനുകൂല്യത്തിനായുള്ള ഈ ശമ്പള പരിധിയിൽ വർദ്ധന വരുത്തിയിട്ടില്ല. |

) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതു മൂലം ഗുണഭോക്താക്കൾ ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

സി) ശമ്പള പരിധി ഉയർത്താത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഡി) ശമ്പളപരിധി ഉയർ ത്തിയതുമൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യ ങ്ങൾ ലഭിക്കുവാൻ എന്തെല്ലാം നടപ ടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശ ങ്ങൾ വ്യക്തമാക്കാമോ?

ഡി) ചോദ്യം ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 899 11.06.2014 -ലെ മറുപടിക്ക്

മാരകരോഗങ്ങൾ ബാധിച്ചവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ ഏതെല്ലാം ജനവിഭാഗങ്ങളാണ് ഉൾപ്പെടുന്നത്;<br><br>(ബി) വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ; വിശദാംശം നല്കുമോ; | (എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കാൻസർ-ഡയാലിസിസ് രോഗികൾ മറ്റു മാരകമായ രോഗം ബാധിച്ചവർ എന്നിവർക്ക് പ്രതിമാസ ധനസഹായം നല്കുന്നുണ്ടെങ്കിലും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ പ്രസ്തുത വിഭാഗങ്ങൾപെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) രോഗാവസ്ഥയല്ല മറിച്ച് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അസംഘടിത മേഖലയിലുള്ള വിഭാഗങ്ങളെയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) എങ്കിൽ പ്രസ്തുത വിഭാഗങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

Deepa

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.901 — 11/06/2014 - ൽ മറുപടിക്ക്

## പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിലെ പുറംകരാർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| എ) പാരിപ്പ ള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ പുറംകരാർ നിയമനം നടത്തുന്ന എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ; | എ) ഉണ്ട്. പാരിപ്പള്ളി ഇ.എസ്.ഐ ആശുപത്രി നിലവിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ അധികാര പരിധിയിലാണുള്ളത് ഇവിടുത്തെ നിയമനങ്ങൾ ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടാണ് നടത്തുന്നത്. |
| ബി) കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിലാണ് നിയമനം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) നിലവിൽ ഹൗസ് കീപ്പിങ്, ക്ലീനിംഗ് വിഭാഗങ്ങളിലെ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഔട്ട്സോഴ്സിംഗ്‌വഴി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയിട്ടുണ്ട്. |
| സി) കരാർ നിയമനത്തിന് പകരം സ്ഥിരം നിയമനം നടത്തുന്നതിന് വേണ്ടി കേന്ദ്ര തൊഴിൽ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ ? | സി) നഴ്സിംഗ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ സ്ഥിര നിയമനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതുവരെ പരമാവധി 6 മാസത്തേക്കാണ് ഈ തസ്തികകളിൽ കരാർ നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 902 — 11/06/2014 – ൽ മറുപടിക്ക്

## പാരിപ്പള്ളി മെഡിക്കൽ കോളേജിലെ ക്ലാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ) പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ അദ്ധ്യയനവർഷം മെഡിക്കൽ ക്ലാസുകൾ ആരംഭിക്കുമോ ; എങ്കിൽ അഡ്മിഷന്റെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ക്ലാസുകൾ വൈകുന്നതിനുള്ളകാരണം വിശദമാക്കുമോ; | എ) മെഡിക്കൽ കൗൺസിൽ ഇൻസ്പെക്ഷൻ പ്രതിനിധികൾ 26/05/2014, 27/05/2014 തീയതികളിൽ പരിശോധന നടത്തിയിരുന്നു. മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭിച്ച കഴിഞ്ഞാൽ മാത്രമേ അഡ്മിഷൻ, ഫീസ് ഘടന എന്നിവ സംബന്ധിച്ച വിശാംശങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ പ്രസിദ്ധീകരിക്കുകയുള്ളൂ. |
| ബി) പാരിപ്പള്ളിയിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനുള്ള മെഡിക്കൽ കൗൺസിൽ റിപ്പോർട്ട് ലഭിച്ചിട്ടു ണ്ടോ; ലഭിച്ചെങ്കിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| സി) മെഡിക്കൽ കൗൺസിൽ പ്രതിനിധികൾ എന്നാണ് മെഡിക്കൽ കോളേജ് സന്ദർശിച്ചതെന്ന് വ്യക്തമാക്കുമോ ; | സി) 26/05/2014, 27/05/2014 എന്നീ തീയതികളിൽ |
| ഡി) മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭിക്കാതെ മെഡിക്കൽ കോളേജിന്റെ ഉത്ഘാടനം നിർവഹിച്ചതായി അറിയുമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം ഇതുവരെ നടന്നിട്ടില്ല. ഇതിനോടനുബന്ധിച്ചുള്ള 300 കിടക്കകളുള്ള ആശുപത്രിയുടെ ഉദ്ഘാടനം 21/12/2013ൽ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 897 11.06.2014 -ലെ മറുപടിക്ക്

## സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ആശുപത്രി ചെലവുകൾ ദൈനംദിനം വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് നടപ്പിലാക്കിയതുപോലെ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) എങ്കിൽ എല്ലാ മാസവും ഒരു നിശ്ചിത തുക പ്രീമിയമായി സ്വീകരിച്ച് എല്ലാ സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ & ബി) സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി 26/04/2014 ലെ സർക്കാർ ഉത്തരവ് നമ്പർ 3606/2014/ധന പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി കാര്യങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 898 11.06.2014 -ലെ മറുപടിക്ക്.

ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹെൽത്ത് ഇൻഷ്വറൻസ് കാർഡ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ എത്രയാളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) എത്ര രൂപയാണ് രോഗികൾക്ക് ആശ്വാസമായി ലഭിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസ്തുത പദ്ധതി പ്രകാരം രോഗികൾക്ക് നേരിട്ട് സാമ്പത്തിക സഹായം നല്കുന്നില്ല മറിച്ച് ആർഎസ്ബിവൈ/ചിസ് പദ്ധതിയിലുൾപ്പെടുന്നവരെ ചികിത്സിക്കുന്നതിന് ആശുപത്രികൾക്കാണ് പ്രസ്തുത തുക നല്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Year | Enrolled Families (in Lakhs) | Premium Payment (amount in Crores) | | | Claim Settlement ( Claim numbers in Lakhs & amount in Crores) | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | Central | State | Total | Govt. Hospitals | | | Pvt. Hospitals | | | Total | |
| | | | | | Count | Amount | % | Count | Amount | % | Count | Amount |
| 2008-10 | 11.78 | 42 | 9 | 51 | 0.48 | 18 | 40 | 0.95 | 27 | 60 | 1.43 | 45.00 |
| 2010-11 | 18.75 | 43 | 33 | 76 | 1.44 | 52 | 46 | 2.16 | 61 | 54 | 3.60 | 113.00 |
| 2011-12 | 28.01 | 66 | 132 | 198 | 3.78 | 119 | 56 | 3.20 | 93 | 44 | 7.00 | 212.00 |
| 2012-13 | 28.28 | 129 | 175 | 304 | 4.82 | 125 | 70 | 2.18 | 56 | 30 | 7.00 | 181.00 |
| 2013-14 | 29.53 | 111 | 107 | 218 | 3.96 | 140.37 | 72 | 1.53 | 54.89 | 28 | 5.50 | 195.21 |

Deepa

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 892

11.06.2014 ന് മറുപടിയ്ക്ക്

## കല്ല്യാശ്ശേരി മാടായിയിലെ ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.റ്റി.ഐ. കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; | (എ) മാടായി ഐ.റ്റി.ഐ. കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് ജോലികൾ പുരോഗമിക്കുന്നു. മതിൽ കെട്ടുന്ന പണിയും ഇലക്ട്രിഫിക്കേഷൻ പണികളും ഒപ്പം നടക്കുന്നു. കെട്ടിടത്തിന്റെ ഏകദേശം 75% പണികളാണ് ഇതിനകം പൂർത്തിയായിട്ടുള്ളത്. |
| (ബി) പ്രസ്തുത കെട്ടിടം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (ബി) കെട്ടിടം പണി അടിയന്തിരമായി പൂർത്തീകരിയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത ഐ.റ്റി.ഐ. യിൽ നൂതനമായ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) മാടായി ഐ.റ്റി.ഐ. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അവസരത്തിൽ നൂതനമായ കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 893 — 11.06.2014 ന് മറുപടിയ്ക്ക്.

### ഒറ്റപ്പാലത്ത് ഐ.റ്റി.ഐ. സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു ഐ.റ്റി.ഐ. പോലും ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഒറ്റപ്പാലത്തെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. എന്നാൽ ബഹു.ഒറ്റപ്പാലം എം.എൽ.എ ശ്രീ.എം.ഹംസ ഈ ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടന്നുവരുന്നു. |
| (സി) ഈ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ഐ.റ്റി.ഐ.യുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് ഉറപ്പുനൽകാനാകുമോ എന്ന് വ്യക്തമാക്കാമോ ? | (സി) സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിക്കുന്ന ശുപാർശ പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 894 | 11.06.2014 ന് മറുപടിയ്ക്ക്

ചേർപ്പ് ഐ.ടി.ഐ. ക്ക് ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചേർപ്പ് ഐ.ടി.ഐ.-യ്ക്കുവേണ്ടി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി കൈമാറുന്നതു സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) സംസ്ഥാനത്ത് ഒരു ഏക്കറിൽ കുറഞ്ഞ സ്ഥലത്ത് ഏതെങ്കിലും ഐ.ടി.ഐ.-കൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഇപ്പോൾ 77 ഐ.ടി.ഐ. കളാണുള്ളത്. ഇതിൽ 47 ഐ.ടി.ഐ. കൾക്ക് മാത്രമാണ് സ്വന്തമായി സ്ഥലം ഉള്ളത്. ഒരേക്കറിൽ താഴെ മാത്രം സ്ഥലമുള്ള ഐ.ടി.ഐ. കളുടെ വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 895 — 11.06.2014 ന് മറുപടിയ്ക്ക്

*ഇളമാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം*

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഇളമാട് ഐ.ടി.ഐ.യുടെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടി അനുവദിച്ചുത്തരവായ കെട്ടിട നിർമ്മാണ പ്രവർത്തനം ത്വരിത ഗതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;<br><br>(ബി) ഇതിന്റെ നിലവിലുള്ള അവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | ***(എ) & (ബി)*** ഇളമാട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയ ഭൂമി '2008 ലെ തണ്ണീർതട സംരക്ഷണ നിയമ'ത്തിന്റെ പരിധിയിൽപ്പെട്ടതായിരുന്നതിനാൽ പണി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നം.351/13/കൃഷി തീയതി 9.12.2013 പ്രകാരം ടി തടസ്സത്തിൽ നിന്നും ടി ഭൂമി സർക്കാർ ഒഴിവാക്കിയ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പി.ഡബ്ല്യു.ഡി സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും, ട്രെയിനിംഗ് ഡയറക്ടർ കത്ത് അയച്ചിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി അധികൃതർ റീ-ടെൻഡർ ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 664 11.06.2014 ൽ മറുപടിക്ക്

ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹീമോഫീലിയ അസുഖം ബാധിച്ച രോഗികൾക്ക് പെൻഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് പുതുക്കാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; | (എ) യും (ബി) യും (സി) യും | ഹീമോഫീലിയ രോഗികൾക്ക് ആരോഗ്യ വകുപ്പ് വഴി പെൻഷൻ നൽകുന്നില്ല. സാമൂഹ്യ നീതി വകുപ്പ് ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | പെൻഷൻ പരമാവധി നേരത്തെ നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 693 11.06.2014 ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ**

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായുള്ള ഏറ്റവും ഒടുവിൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ എത്ര പേർ പങ്കെടുത്തു; | (എ) യും (ബി) യും | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി 2013 ആഗസ്റ്റ് 21 മുതൽ 25 വരെ നടത്തിയ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 5417 പേരിൽ നിന്നും ദുരിത ബാധിതരായവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഇതിൽ അർഹരായ എത്ര ദുരിത ബാധിതരാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 324 പേർ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

R

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.700 11.06.2014-ൽ മറുപടിക്ക്

## ബാലുശ്ശേരി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഉച്ചയ്ക്ക് ശേഷവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാമോ; | (എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ നിലവിൽ 1 സിവിൽ സർജനും 3 അസിസ്റ്റന്റ് സർജനും ഉൾപ്പെടെ 4 ഡോക്ടർമാരുടെ സ്ഥിരം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഉച്ചയ്ക്ക് ശേഷവും ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാക്കാനാവില്ല. |
| (ബി) ഇവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ബാലുശ്ശേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രി പദവിയിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. അവിടെ അധിക തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താനാകുകയുള്ളൂ. |
| (സി) ബാലുശ്ശേരി മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ ഒന്നിലുംതന്നെ പ്രസവചികിത്സ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, പ്രസവ വാർഡ്, ബ്ലഡ് ബാങ്ക്, ലാബോറട്ടറി, പേവാർഡ് എന്നീ സൗകര്യങ്ങളെല്ലാമുള്ള ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വാർഡ് ഏർപ്പെടുത്താമോ? | (ഡി) ടി ആശുപത്രിയിൽ ഗൈനക്കോളജി തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ. |

Sobha V

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 701 | 11.06.2014- ൽ മറുപടിക്ക് |
|---|---|

## അങ്കമാലി സർക്കാർ ആശുപത്രിയിൽ സൗകര്യങ്ങളും സ്റ്റാഫും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കുമോ; | എ) & ബി) | ടി ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും, സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉള്ള ശ്രീ. ജോസ് തെറ്റയിലിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാമെഡിക്കൽ ഓഫീസറോട് പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 5 ജൂനിയർ കൺസൾട്ടന്റിന്റെയും, ഓരോ ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളുടെയും പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| ബി) | നഗരമധ്യത്തിൽ ഒരേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ സ്റ്റാഫുകളെ നിയമിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 703 | 11.06.2014- ൽ മറുപടിക്ക് |

## ദേവികുളം അടിമാലി താലൂക്കുകളിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ദേവികുളം താലൂക്ക് ആശുപത്രിയിൽ ഇടിച്ചിട്ട ബ്ലോക്ക് പണിയുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത്; | എ) | ദേവികുളത്തുള്ളത്, സാമൂഹികാരോഗ്യകേന്ദ്രമാണ്. അവിടെ ബ്ലോക്കുകളൊന്നും ഇടിച്ചിട്ടിട്ടില്ല. |
| ബി) | രണ്ട് വർഷക്കാലമായി പ്രവർത്തനം നിലച്ച പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | ബി) | ദേവികുളം സി. എച്ച്. സിയിൽ ബ്ലോക്ക് ഇടച്ചിട്ട് നിർമാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്നാൽ പ്രസ്തുത സി. എച്ച്. സിയിൽ താഴെപറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെഡിക്കലാഫീസറുടെ ക്വാർട്ടേഴ്സിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. പുതിയതായി പണിയുന്ന സ്ത്രീകളുടെ വാർഡിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ നടന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് തന്നെയാണ്. |
| സി) | അടിമാലി താലൂക്ക് ആശുപത്രി, ചിത്തിരപുരം, ദേവികുളം സി. എച്ച്. സി, മറയൂർ പി. എച്ച്. സി എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നതിന് പ്രസ്തുത കാലയളവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; | സി) & ഡി) | അടിമാലി താലൂക്കാശുപത്രിയിൽ 11 ഡോക്ടർമാരുടെയും 24 പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. 08/05/2014-ലെ സ. ഉ(സാധാ) നം. 1472/2014/ആ.കു.വ എന്ന ഉത്തരവ് പ്രകാരം, കാഷ്വാലിറ്റിയും ജനറൽ വാർഡും നിർമ്മിക്കുന്നതിന് 7.5 കോടി രൂപ അടങ്കലിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>ചിത്തിരപുരം, ദേവികുളം സി. എച്ച്. സി, മറയൂർ പി. എച്ച്. സി എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും നിലവിലില്ല. |
| ഡി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 712 — 11.06.2014 ൽ മറുപടിക്ക്

## നെന്മാറ സി.എച്ച്.സി യിൽ വിഷചികിത്സാ കേന്ദ്രം ആരംഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലയോര പ്രദേശമായ നെന്മാറ മണ്ഡലത്തിലെ വിവിധ പ്രദേശത്തുള്ള ആളുകൾക്ക് പാമ്പു കടിയേറ്റ് യഥാസമയം ചികിത്സ ലഭിക്കാത്തതു കൊണ്ട് മരണം സംഭവിക്കുന്നുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | നെന്മാറ സി.എച്ച്.സി. യിൽ വിഷചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | പാമ്പുകടിയേറ്റ ആളുകളെ ചികിത്സക്കായി പാലക്കാട്, തൃശ്ശൂർ എന്നീ ദൂരസ്ഥലത്തുള്ള ആശുപത്രികളിൽ എത്തി ക്കേണ്ടത് കാരണമാണ് മരണം സംഭവിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്ന തിനായി നെന്മാറ സി.എച്ച്.സി യിൽ വിഷചികിത്സാ കേന്ദ്രം അടിയന്തിരമായി ആരംഭിക്കു ന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.717 | 11.06.2014-ൽ മറുപടിയ്ക്ക്

**വൃക്കരോഗം കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.എ.മാധവൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സർക്കാരിനും വ്യക്തികൾക്കും വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഈ രോഗം പ്രഥമഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | വൃക്കരോഗം പലപ്പോഴും പ്രമേഹരോഗം പോലെയുള്ള ജീവിതശൈലീരോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിലാണ് ഉണ്ടാകുന്നത്. വൃക്കരോഗം തടയാൻ ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം എന്നിവ നേരത്തെ തന്നെ നിർണ്ണയിക്കുകയും ഫലപ്രദമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. മറ്റ് പല രോഗങ്ങൾ കാരണവും വൃക്കരോഗം വരാം എന്നതിനാൽ വൃക്കരോഗം പ്രഥമഘട്ടത്തിൽ തന്നെ കണ്ടെത്തുക എന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. എന്നാൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ വളരെ ലളിതമായ മൂത്ര പരിശോധനയിലൂടെ ആദ്യഘട്ടത്തിൽത്തന്നെ രോഗം കണ്ടെത്താവുന്നതാണ്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗത്തെ ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും രോഗസാധ്യത ഉള്ളവർക്ക് ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തിവരുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിൽ വൃക്കരോഗം കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുമായും ബന്ധപ്പെട്ട് വൃക്കരോഗങ്ങൾക്കുള്ള സമഗ്രമായ ചികിത്സയ്ക്കായി നെഫ്രോളജി, യൂറോളജി ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എല്ലാ പഞ്ചായത്തുകളിലും വൃക്കരോഗം പ്രാഥമികഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് വാർഡുകൾ തോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | വൃക്കരോഗങ്ങൾ കണ്ടെത്തുന്നതിന് മാത്രമായി വാർഡുകൾ തോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക പ്രായോഗികമല്ല. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗത്തെ ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും രോഗസാധ്യത ഉള്ളവർക്ക് ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തിവരുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിൽ വൃക്കരോഗം കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. കുടുംബക്ഷേമ ഉപകേന്ദ്രതലം വരെ പ്രസ്തുത പരിശോധന നടത്തി വരുന്നുണ്ട്. |
| (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഇത് പ്രത്യേക ക്യാമ്പയിൻ ആയി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 721 | 11.06.2014- ൽ മറുപടിക്ക്

## കുറ്റ്യാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിനുള്ള നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കുറ്റ്യാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിന് കെട്ടിടം പണിയുന്നതിന് അനുവദിച്ച ഒരു കോടി രൂപയ്ക്ക് ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ഇക്കാര്യത്തിലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ, ആരോഗ്യവകുപ്പ് ഡയറക്ടറോടും, പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയറോടും ആവശ്യപ്പെട്ടിരിക്കുകയാണ്. |
| ബി) | ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ